"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഓരോ ജില്ലയിലെയും ജില്ലാ മെഡിക്കൽ ആഫീസറെ പ്രത്യേക വിഭാഗം സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക തയ്യാറാക്കുന്നതിനും 19 സി ഫോറത്തിലുള്ള സാക്ഷ്യപത്രം നല്കുന്നതിനുമുള്ള നിയുക്ത ആരോഗ്യ ഓഫീസർമാരായി നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(കൈ) നം.185/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/11/2020

---

പരാമർശം:- 1 30/11/2020-ലെ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ ബി4-34127-2020-സംതിക നമ്പർ കത്ത്.

2 സ.ഉ.(സാധാ) നം.2173/2020/ആ.കു.വ. തീയതി 20/11/2020.

3 സ.ഉ.(പി) നം.73/2020/ത.സ്വ.ഭ.വ. തീയതി 24/11/2020.

4 സ.ഉ.(പി) നം.74/2020/ത.സ്വ.ഭ.വ. തീയതി 24/11/2020.

**<u>ഉത്തരവ്</u>**

2020 നവംബർ 26-ന് പ്രാബല്യത്തിൽ വന്ന 2020-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ മുഖേന 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞടുപ്പ് നടത്തിപ്പ്) ചട്ടങ്ങളുടെയും 2020-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ മുഖേന 1995-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളുടെയും ചട്ടം 24 എ ഉപചട്ടം (3)-ൽ ജില്ലയിലെ നിയുക്ത ആരോഗ്യ ആഫീസർ ആ ജില്ലയിലെ പ്രത്യേക വിഭാഗം സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക 19 എ നമ്പർ ഫാറത്തിൽ തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പട്ടിക ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നല്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 2 ഖണ്ഡം (സിഎ), 1995-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 2 ഖണ്ഡം (സിഎ) എന്നിവ നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ഓരോ ജില്ലയിലെയും ജില്ലാ മെഡിക്കൽ ഓഫീസറെ അതാത് ജില്ലയിലെ പ്രത്യേക വിഭാഗം സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക തയ്യാറാക്കുന്നതിനും 19 സി ഫോറത്തിലുള്ള സാക്ഷ്യപത്രം നല്കുന്നതിനുമുള്ള നിയുക്ത ആരോഗ്യ ഓഫീസർ ആയി നിയമിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർമാർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2020.11.30 17:42:18 IST
Reason: Approved

സെക്ഷൻ ഓഫീസർ